"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കായിരുന്ന ശ്രീമതി. സിനി പി.എൻ. നെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.731/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/04/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.09.2015-ലെ ഇ13 (എസ് സി 11/15/KNR) 14986/2015 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 05.11.2015-ലെ 12033/ഡി2/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 13.12.2017-ലെ 222/ഇപിബി3/17/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. സിനി പി.എൻ. സമർപ്പിച്ച 22.03.2018-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 26.07.2018-ലെ ഡി9-912/2018 നമ്പർ കത്ത്

6 സ.ഉ.(സാധാ) നം.275/2019/തസ്വഭവ തീയതി 08.02.2019

7 കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 21.03.2019-ലെ സി2-1164/2018 നമ്പർ അന്വേഷണ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മണക്കടവ് പി.ഡബ്ല്യു.ഡി. റോഡ് കൈയ്യേറി അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾക്കുത്തരവാദിയായ ഉദയഗിരി ഗ്രാമപഞ്ചായത്ത് മുൻ ക്ലർക്ക് ശ്രീമതി. സിനിക്ക് പരാമർശം (3) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. സിനി. പി.എൻ. പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. തുടർന്ന് കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയാണ് ശ്രീമതി. സിനി പി.എൻ.നെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ശ്രീമതി. സിനി പി.എൻ.നെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ പരാമർശം (6) പ്രകാരം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ഫയലുകൾ പരിശോധിച്ചതിൽ നിന്നും അന്വേഷണം നടത്തിയതിൽ നിന്നും ശ്രീ. ബിജു ആന്റണി അയിത്തമറ്റത്തിൽ പൊന്നപ്പൻ ചെട്ടിയാർ തൈപ്പറമ്പിൽ, പ്രദീപ് തൈപ്പറമ്പിൽ എന്നിവരുടെ സംയുക്ത ഉടമസ്ഥതയിൽ വേൾഡ് വില്ലേജിലെ റി.സ. 292/1എ-ൽപ്പെട്ട സ്ഥലത്തു വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഉദയഗിരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 05.07.2014 ന് എ2.2721/14 നമ്പറായി

പെർമിറ്റ് അനുവദിച്ചിരുന്നുവെന്നും പെർമിറ്റ് പ്രകാരം 4.30 സെന്റ് പ്ലോട്ട് വിസ്തീർണമുള്ള സ്ഥലത്ത് 225.89 ച.മീ. പ്ലിന്ത് ഏരിയയിൽ ഇരുനില കെട്ടിട നിർമ്മാണം അനുവദിച്ചിരുന്നുവെന്നും എൻജിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുവദിച്ച പ്രസ്തുത പെർമിറ്റ് പ്രകാരം കവറേജ് 63.25 ആയിരുന്നുവെന്നും കെട്ടിട നമ്പറിനായുള്ള അപേക്ഷ വാർഡ് ക്ലാർക്കായ തനിക്ക സെക്ഷൻ ക്ലാർക്ക് കൈമാറി നൽകിയപ്പോൾ, സാങ്കേതിക പരിജ്ഞാനമില്ലാത്തതിനാൽ ഫയൽ ഓവർസീയർക്കു കൈമാറുവാൻ താൻ ആവശ്യപെട്ടെങ്കിലും അത് അംഗീകരിക്കപ്പെട്ടില്ലായെന്നും കെട്ടിടം റോഡിൽ നിന്നും 3 മീറ്റർ അകലം പാലിച്ചാണ് നിർമ്മിച്ചതെന്ന് അളന്നു ബോധ്യപ്പെട്ടിരുന്നുവെന്നും പ്രസ്തുത വസ്തുത നിലവിലും സൈറ്റ് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നും കെട്ടിട നമ്പർ അനുവദിക്കുന്ന സമയം സ്ഥിരമായ കാനോപി സംവിധാനം നിലവിലുണ്ടായിരുന്നില്ലായെന്നും റോഡ് ഉയർത്തിയത് കാരണം ഏകദേശം 3 മീറ്ററോളം താഴ്ച്ചയിലുണ്ടായിരുന്ന കെട്ടിടത്തിലേക്ക് ഇറങ്ങുന്നതിനു പലക കെട്ടിയ താത്കാലിക സംവിധാനമാണ് അന്ന് നിലവിൽ ഉണ്ടായിരുന്നത് ശ്രീമതി. സിനി പി.എൻ നേർവിചാരണയിൽ ബോധിപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ നേരിട്ട് നടത്തിയ അന്വേഷണത്തിലും ഓവർസിയറുടെ സഹായത്തോടെ നടത്തിയ സൈറ്റ് പരിശോധനയിലും പ്ലോട്ട് വിസ്തീർണം 4.00 സെന്റ് മാത്രമാണെന്നും അതിനാൽ തന്നെ 0.30 സെന്റ് സ്ഥലം കെട്ടിടത്തിന്റെ റോഡിനോട് ചേർന്നുള്ള മുൻവശത്തോ പിൻവശത്തോ ആയി നഷ്ടപ്പെട്ടതായി കണക്കാക്കുന്നുവെന്നും കംപ്ലീഷൻ പ്ലാൻ പ്രകാരം 236.43 പ്ലിന്ത് ഏരിയയിൽ ഇരുനില കെട്ടിടം നിർമിച്ചിട്ടുണ്ടെന്നും കെട്ടിടത്തിന്റെ കവറേജ് 68.38 ആണെന്നും സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയറിംഗ് വിംഗ് നടത്തേണ്ടിയിരുന്ന കംപ്ലീഷൻ പ്ലാൻ പരിശോധന സാങ്കേതിക പരിജ്ഞാനമില്ലാത്ത വാർഡ് ക്ലാർക്ക് മാത്രമായ ശ്രീമതി. സിനി പി.എൻ. ആയിരുന്നു നടത്തിയതെന്നും സൈറ്റ് പരിശോധനയിൽ കെട്ടിടം റോഡിൽ നിന്നും 3.00 മീറ്റർ അകലം പാലിച്ച നിർമ്മിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും, വിജിലൻസ് പരിശോധനാ വേളയിൽ റോഡ് നിർമ്മാണ പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നതിനാൽ കൃത്യമായ അളവ് ബോധ്യപ്പെടുത്താൻ കെട്ടിട ഉടമകൾക്ക് സാധിക്കാതെ വന്നിരിക്കാമെന്നും കെട്ടിടത്തിന്റെ മുൻവശത്തുള്ള സ്റ്റെയർകേസ് റോഡിൽ നിന്നും 2.65 മീറ്റർ താഴ്ചയുള്ള 'സെല്ലാർ കെട്ടിടത്തിലേക്ക് ഇറങ്ങുന്നതിനു മാത്രമായി നിർമ്മിച്ചതാണെന്നും പ്രസ്തുത സ്റ്റെയർ കേസ് കെട്ടിടത്തിൽ നിന്നും 1.92 മീറ്റർ അകലത്തിൽ കെട്ടിടവുമായി ബന്ധപ്പെടാതെയാണ് നിർമ്മിച്ചിരിക്കുന്നതെന്നും പ്രസ്തുത കെട്ടിടത്തിന്റെ മുൻവശത്ത് അനധികൃതമായി നിർമ്മിച്ച സ്റ്റോർ മുറിക്ക് നമ്പർ അനുവദിച്ചിട്ടുണ്ടായിരുന്നില്ലായെന്നും ആയതു പൊളിച്ചു നീക്കുന്നതിന്, വിജിലൻസ് വിംഗിന്റെ ആകസ്മിക പരിശോധന നടക്കുന്നതിനു മുമ്പുതന്നെ 02.05.2015-ന് പഞ്ചായത്ത് നോട്ടീസ് നൽകിയിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണം പൊളിച്ചുനീക്കിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2010-ൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സിനി പി.എൻ എന്നവർ യഥാർത്ഥത്തിൽ കെട്ടിടത്തിന്റെ കംപ്ലീഷനുള്ള സാങ്കേതിക പരിശോധനക്ക് ചുമതലപ്പെടുത്തേണ്ട ഉദ്യോഗസ്ഥ ആയിരുന്നില്ല എന്നതിനാലും പെർമിറ്റ് പ്രകാരമുള്ള നിർമ്മാണമാണ് നടന്നത് എന്നതിനാലും പെർമിറ്റ് അനുവദിച്ച സെക്രട്ടറിയെ കുറ്റവിമുക്തനാക്കിയിട്ടുള്ളതിനാലും കംപ്ലീഷൻ പ്ലാൻ പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടത് സാങ്കേതിക വിഭാഗമാണ് എന്നതിനാലും ടിയാരിയെ തുടർ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. സിനി പി.എൻ. സമർപ്പിച്ച പ്രതിവാദ പത്രികയുടെയും കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2010-ൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സിനി പി.എൻ യഥാർത്ഥത്തിൽ കെട്ടിടത്തിന്റെ കംപ്ലീഷനുള്ള സാങ്കേതിക പരിശോധനക്ക് ചുമതലപ്പെടുത്തേണ്ട ഉദ്യോഗസ്ഥ ആയിരുന്നില്ലെന്നും പെർമിറ്റ് പ്രകാരമുള്ള നിർമ്മാണമാണ് നടന്നത് എന്നും പെർമിറ്റ് അനുവദിച്ച സെക്രട്ടറിയെ കുറ്റവിമുക്തനാക്കിയിട്ടുള്ളതും കംപ്ലീഷൻ പ്ലാൻ പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടത് സാങ്കേതിക വിഭാഗമാണ് എന്നതിനാലും ടിയാരിയെ തുടർ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീമതി. സിനി പി.എൻ. നെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാരിയെ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി. സിനി പി.എൻ, മുൻ ക്ലാർക്ക്, ഉദയഗിരി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി2/537/2018/വിജി. തീയതി 23.07.2019പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/222/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ